## നോർക്ക റൂട്ട്സ്

വിദേശ മലയാളികളുടെ ക്ഷേമം ഉറപ്പുവരുത്തുവാനും അവരുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുവാനും അവകാശങ്ങൾ സംരക്ഷിക്കുവാനുമായി 1996-ൽ സ്ഥാപിതമായ കേരള സർക്കാർ വകുപ്പാണ് നോർക്ക. നോർക്ക വകുപ്പ് ആവിഷ്ക്കരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി 2002-ൽ നോർക്ക റൂട്ട്സ് സ്ഥാപിതമായി. വിദേശമലയാളികൾക്കായുള്ള ക്ഷേമ പുനരധിവാസ പദ്ധതികളുടെ ആസൂത്രണവും അവരുടെ വിവിധങ്ങളായ പ്രശ്നങ്ങൾക്കു പരിഹാര മാർഗ്ഗങ്ങളും നോർക്ക റൂട്ട്സിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ ആഗോള തലത്തിൽ മലയാളി സമൂഹങ്ങളുടെയും സംഘടനകളുടെയും കൂട്ടായ്മയ്ക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിവരുകയും ചെയ്യുന്നു.

## സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജുമെന്റ് പ്രവർത്തനങ്ങൾക്ക് ദിശാബോധം പകരുവാനും, നൂതനമായ പ്രവർത്തന സങ്കേതങ്ങളെ അവതരിപ്പിക്കുന്നതിനുമായി 1979-ൽ സ്ഥാപിതമായ കേരള സർക്കാർ സ്വയംഭരണ സ്ഥാപനമാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്. ഗ്രാമീണ തലത്തിൽ വിവിധങ്ങളായ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ, പഠന പ്രവർത്തനങ്ങൾ തുടങ്ങിയവ സി.എം.ഡി.യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. ലോകബാങ്ക് അടക്കമുള്ള അന്തർദേശീയ വികസന ഏജൻസികൾ, ദേശീയതലത്തിൽ - ആസൂത്രണ കമ്മീഷൻ, വിവിധ മന്ത്രാലയങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന തലത്തിൽ വിവിധ സർക്കാർ വകുപ്പുകൾ, ആസൂത്രണ ബോർഡ്, സ്വകാര്യ-പൊതുമേഖലകളിലെ വ്യവസായ, ധനകാര്യ സ്ഥാപനങ്ങൾ, വിവിധ വികസന ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സി.എം.ഡി.യുടെ വൈദഗ്ദ്ധ്യം വിവിധ ഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തി വരുന്നു.

**സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്**
തൈക്കാട്, തിരുവനന്തപുരം 695014
Ph: 0471 2329738, 2320101 # 225
Fax: 0471 - 2331253
E-mail: cmdtvpm@gmail.com, cmdtvm@dataone.in
www.cmdkerala.net





# വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവർക്കായി പ്രീ-ഡിപ്പാർച്ചർ ഓറിയെന്റേഷൻ പ്രോഗ്രാം

NORKA ROOTS
A Government of Kerala Undertaking

കേരള സർക്കാർ
നോർക്ക-റൂട്ട്സ്

നോർക്ക റൂട്ട്സ്, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം 695014
ഫോൺ: 1800 425 3939 (toll free) website: www.norkaroots.net

NORKA ROOTS

A Government of Kerala Undertaking

## വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവർക്കായി പ്രീ- ഡിപാർച്ചർ ഓറിയെന്റേഷൻ പ്രോഗ്രാം

വിദേശങ്ങളിൽ തൊഴിൽതേടി ജീവിതം കരുപിടിപ്പിച്ചവരുടെ നാടാണ് ഒരു പരിധിവരെ നമ്മുടേത്. ഇന്ത്യക്കാരുടെയും, പ്രത്യേകിച്ച് കേരളീയരുടെയും സാന്നിദ്ധ്യമില്ലാത്ത വിദേശ രാജ്യങ്ങളും തൊഴിൽ മേഖലയും കുറവ് തന്നെയാണ്. കാലത്തിന്റെ മാറ്റം വിദേശ തൊഴിൽ മേഖലയിലും വലിയ ചലനങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. തൊഴിൽ ദായകരായിരുന്ന രാജ്യങ്ങളിൽ പലതും സാമ്പത്തിക അസന്തുലിതാവസ്ഥയും ആഭ്യന്തര തൊഴിലില്ലായ്മയും മൂലം തൊഴിൽ മേഖലകളെ സ്വദേശിവൽക്കരിച്ചു വരുന്നു. മാറിയ ലോക സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള തൊഴിലന്വേഷണമാണ് വിദേശ തൊഴിലിനായുള്ള ആദ്യപടി.

ശരിയായ നിയമങ്ങളറിയാതെ, വിദേശ തൊഴിലെന്ന പേരിൽ തഴച്ചു വളർന്നിരിക്കുന്ന തട്ടിപ്പ് മാഫിയ സംഘങ്ങളുടെ ചതിക്കുഴിയിലകപ്പെടുന്നവരുടെ എണ്ണം കൂടിവരികയാണ്. വിദേശ രാജ്യങ്ങളിൽ തൊഴിൽതേടി പോകേണ്ടവർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട പലവസ്തുതകളുമുണ്ട്. യാത്രാ രേഖകൾ, വിമാനത്താവളങ്ങളിലെ നടപടിക്രമങ്ങൾ, കസ്റ്റംസ്-എമിഗ്രേഷൻ നിയമങ്ങൾ, ബാഗേജ് സംബന്ധിക്കുന്ന വിവരങ്ങൾ, വിദേശ രാജ്യങ്ങളിലെ പ്രധാന തൊഴിൽ നിയമങ്ങൾ, സാംസ്‌കാരികമായ സവിശേഷതകൾ, തുടങ്ങിയവയെല്ലാം വിദേശയാത്രയ്ക്കു തയ്യാറെടുക്കുന്നവരും, വിദേശ തൊഴിൽ ആഗ്രഹിക്കുന്നവരും അറിഞ്ഞിരിക്കേണ്ടതുണ്ട്.

കേരള സർക്കാരിന്റെ പ്രവാസി ക്ഷേമകാര്യ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന നോർക്കാ-റൂട്ട്സ് ഇതിനായി ഏകദിന ശിൽപ്പശാലകൾ സംഘടിപ്പിക്കുകയാണ്. പ്രീ-ഡിപ്പാർച്ചർ ഓറിയെന്റേഷൻ പ്രോഗ്രാം (പി.ഡി.ഒ.പി.) എന്ന പേരിൽ സംസ്ഥാനത്താകെ എല്ലാ ബ്ലോക്ക്-മുനിസിപ്പൽ തലങ്ങളിലാണ് പ്രസ്തുത ശിൽപ്പശാലകൾ നടക്കുന്നത്. സ്വന്തമായി പാസ്പോർട്ടുള്ളവർക്ക് സൗജന്യമായി ശിൽപ്പശാലകളിൽ പങ്കെടുക്കാവുന്നതാണ്. വിവിധ മേഖലകളിലെ വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളും, സംശയനിവാരണത്തിനുള്ള അവസരവും ഇതിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നു.




NORKA ROOTS

A Government of Kerala Undertaking

## പ്രീ- ഡിപാർച്ചർ ഓറിയെന്റേഷൻ പ്രോഗ്രാം

- പാസ്പോർട്ട് സ്വന്തമായുള്ള, 18 നും 45 നും മദ്ധ്യേ പ്രായമുള്ളവർക്ക് സൗജന്യമായി പങ്കെടുക്കാം
- വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകൾ
- ബ്ലോക്ക്/മുനിസിപ്പൽ തലങ്ങളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്നു
- വിദേശ റിക്രൂട്ട്മെന്റ് നടപടി ക്രമങ്ങൾ
- വിദേശയാത്രാ നടപടി ക്രമങ്ങൾ
- എയർപോർട്ട്-കസ്റ്റംസ്-എമിഗ്രേഷൻ നിയമങ്ങൾ
- പ്രധാന മേഖലകളിലെ തൊഴിൽ നിയമങ്ങൾ
- സാംസ്‌കാരിക സവിശേഷതകൾ എന്നിവയെക്കുറിച്ചുള്ള സമഗ്രവിവരങ്ങൾ

നോർക്ക് റൂട്ട്സിനുവേണ്ടി ബ്ലോക്ക്/ജില്ല അടിസ്ഥാനത്തിൽ കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റാണ് (സി.എം.ഡി.) പ്രസ്തുത പ്രോഗ്രാം സംഘടിപ്പിക്കുന്നത്.